**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1378** **11-06-2019 ൽ മറുപടിക്ക്**

**ഭൂരഹിതരായ മുഴുവൻ പേർക്കും ഭൂമി**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.കെ.ജെ. മാക്സി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ നാളിതുവരെ എത്ര പേർക്കാണ് പട്ടയം നൽകിയിട്ടുള്ള തെന്ന് വ്യക്തമാക്കുമോ ; | (എ) ഈ സർക്കാർ നാളിതുവരെ 1, 06, 450 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) പട്ടയത്തിനായി എത്ര അപേക്ഷകൾ അവശേഷിക്കുന്നുണ്ട് ; | (ബി) സംസ്ഥാനത്തൊട്ടാകെ വിവിധ ജില്ലകളിലായി 1,25,386 അപേക്ഷകൾ അവശേഷിക്കുന്നുണ്ട്. |
| (സി) സംസ്ഥാനത്ത് എത്ര ഭൂരഹിതരു ണ്ടെന്നാണ് കണക്കാക്കി യിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) കൊല്ലം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ഒഴികെ മറ്റ് ജില്ലകളിലായി 2,21,992 ഭൂരഹിതർ ഉണ്ട്. കൊല്ലം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ഭൂരഹിതരുടെ എണ്ണം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (ഡി) സംസ്ഥാനത്ത് എത്ര ഹെക്ടർ ഭൂമിയാണ് കയ്യേറിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; കയ്യേറ്റ ഭൂമി തിരിച്ച് പിടിച്ച് ഭൂരഹിതരായവർക്ക് നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ; | (ഡി) സംസ്ഥാനത്തു ആകെ 689.1305 ഹെക്ടർ ഭൂമി കൈയേറിയിട്ടുണ്ട്. കൈയേറ്റ ഭൂമി തിരിച്ചു പിടിക്കുന്നതിനും ഭൂരഹിതരായവർക്ക് പതിച്ചു നൽകുന്നതിനും ഉള്ള സത്വരനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഇ) ഈ സർക്കാറിന്റെ കാലാവധി ക്കുള്ളിൽത്തന്നെ ഭൂരഹിതരായ മുഴുവൻ പേർക്കും ഭൂമി നൽകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ഇ) സ്പെഷ്യൽ തഹസിൽദാർമാർക്കു ലാൻഡ് ട്രിബ്യൂണലുകളുടെ അധിക ചുമതല നൽകി ഉത്തരവായതനുസരിച്ച് ആ ഓഫീസുകളിൽ നിന്നും പട്ടയ വിതരണം ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആഴ്ചയിൽ പരമാവധി ദിവസങ്ങളിൽ കക്ഷികളെ നേരിൽ കേട്ട് അപേക്ഷകളിൽ പെട്ടെന്ന് തീർപ്പ് കല്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അസൈൻമെന്റ് കമ്മിറ്റികൾ സമയാസമയങ്ങളിൽ യോഗം ചേർന്ന് അസൈൻമെന്റ് പട്ടയങ്ങൾ നിയമാനുസരണം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 01.01.1977 ന് മുമ്പ് കൈവശം വച്ചിരിക്കുന്ന വനഭൂമി പതിച്ചു നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**